# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2294 — 19/07/2016 -ൽ മറുപടിയ്ക്ക്

## നിറവ് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |
| എ) കൃഷി വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന കാർഷിക വികസന പദ്ധതിയായ 'നിറവ്' വിജയകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ; | എ) | ഉണ്ട്. ചില നിയോജക മണ്ഡലങ്ങളിൽ നിറവ് പദ്ധതിയ്ക്കായി യോഗങ്ങൾ നടത്തിയിരുന്നെങ്കിലും പദ്ധതിയ്ക്കായി ബഡ്ജറ്റിൽ തുക വകയിരുത്താത്തതും വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവവും കാരണം നിറവ് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യം പൂർണ്ണമായും സാക്ഷാത്ക്കരിക്കാൻ കഴിഞ്ഞിട്ടില്ല എന്നിരുന്നാലും കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃതവും, കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ ഉൾപ്പെടുത്തി ചില പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ആറ്റിങ്ങൽ മണ്ഡലത്തിൽ നിറവ് പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | ബി) | കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങളിൽ, തരിശ് ഭൂമിയിൽ നെൽകൃഷി, വാഴ കൃഷി, ചെറുകിട യന്ത്രവത്ക്കരണം തുടങ്ങിയ പദ്ധതികൾ 2015-16-ലെ കൃഷി വകുപ്പിന്റെ സംസ്ഥാനാവിഷ്കൃത പദ്ധതിയിലൂടെ ആറ്റിങ്ങൾ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. |
| സി) നിറവ് പദ്ധതി മികവുറ്റതാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരവും ലഭ്യമാക്കാമോ? | സി) | 2016-17-ലെ വാർഷിക പദ്ധതി രേഖയിൽ നിറവ് പദ്ധതി ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ